# ഉപോദ്ഘാതം

സ്വാതന്ത്ര്യം, മനുഷ്യന്റെ സാർവ്വകാലികവും സാർവ്വലൗകികവുമായ പ്രശ്നങ്ങളിലൊന്നാണ്. വ്യക്തിയും സമൂഹവും തമ്മിലുള്ള ഇഴപിരിക്കാനാകാത്ത സങ്കീർണ ബന്ധം തന്നെ വ്യക്തിയുടെയും സമൂഹത്തിന്റെയും പുരോമാർഗ്ഗത്തിൽ പ്രതിബന്ധമായി മാറുന്ന അടിസ്ഥാനവൈരുദ്ധ്യം മനുഷ്യചരിത്രത്തിൽ എക്കാലവും കാണാം. സ്വാതന്ത്ര്യത്തിന്റെ വ്യത്യസ്തതലങ്ങളാണ് ഈ വൈരുദ്ധ്യത്തിന് നിദാനം. വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയിലെ സംതുലിതമായ അനുപാതമാണ് സ്വാതന്ത്ര്യത്തിന്റെ അർത്ഥപൂർണമായ തലം. സ്വാതന്ത്ര്യം, മനുഷ്യന്റെ അടിസ്ഥാനചോദനകളിലൊന്നായതിനാൽ, സ്വാതന്ത്ര്യവാഞ്ച, മനുഷ്യന്റെ വ്യവഹാരങ്ങളിൽ നിലീനമാണ്. ലിംഗം, വർഗ്ഗം, മതം, ദേശം തുടങ്ങി നിരവധി സംവർഗ്ഗങ്ങളിലൂടെ സമൂഹം ഇതിനെ പ്രതിരോധിക്കാൻ ശ്രമിക്കുന്നുണ്ട്. മനുഷ്യന്റെ സ്വതന്ത്രവ്യവഹാരങ്ങൾ, ലിംഗം, മതം, വർഗ്ഗം, ദേശം തുടങ്ങിയ സംവർഗ്ഗങ്ങളിലൂടെ ശകലിതമാക്കപ്പെടുമ്പോൾ, സ്വാതന്ത്ര്യത്തിന്റെ ഭിന്നമാനങ്ങൾ, അന്വേഷിക്കപ്പെടുന്നുമുണ്ട്. കേവലമായ സ്വാതന്ത്ര്യസങ്കല്പനം വെറും മിഥ്യയാണ്. ഏറെ പരിണാമങ്ങൾ ഏറ്റുവാങ്ങിയതാണ് സ്വാതന്ത്ര്യത്തിന്റെ പാരമ്പര്യം. സുദീർഘമായ ഈ ജൈവപരിണാമപ്രക്രിയ സാഹിത്യത്തിന്റേയും സംവാദവിഷയമാണ്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ വികാസപരിണാമങ്ങളുടെയും, അതു നേരിട്ട പ്രതിസന്ധികളുടെയും ചരിത്രം, സാഹിത്യം പ്രതിഫലിപ്പിക്കുക തന്നെ ചെയ്യും.

മലയാളനോവൽസാഹിത്യത്തിലെ സ്വാതന്ത്ര്യസങ്കല്പനങ്ങളുടെ ആഖ്യാനങ്ങൾ നോവലിന്റെ ഭാവുകത്വപരിണാമവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. സംസ്കാരങ്ങളുടെ സങ്കലനം, കേരളീയസ്വത്വത്തിനേല്പിച്ച ആഘാതമാണ് ആദ്യകാല മലയാളനോവലുകളിലെ സ്വാതന്ത്ര്യസങ്കല്പത്തെ ഏറെ സ്വാധീനിച്ചിരിക്കുന്നത്. തകഴി, കേശവദേവ്, വൈക്കം മുഹമ്മദ് ബഷീർ എന്നിവരടങ്ങിയ മലയാളനോവലിലെ രണ്ടാം തലമുറയുടെ വരവോടെ ഏറെക്കുറെ ആദർശാത്മകവും ഉദാരവുമായ ഒരു മാനവികബോധം മലയാള നോവലിലേക്കു കടന്നു വന്നു. മനുഷ്യന്റെ അവകാശങ്ങളിലൂന്നിയ ഒരു സ്വാതന്ത്ര്യബോധമാണ് ഇത് പ്രസരിപ്പിച്ചത്. വർഗ്ഗപരമായും സാമ്പത്തികമായും മാറിക്കൊണ്ടിരുന്ന സമൂഹത്തെക്കുറിച്ചുള്ള അറിവ്, അക്കാലത്തെ മലയാള

നോവലിസ്റ്റുകളുടെ, മാനവികസ്പർശമുള്ള സ്വാതന്ത്ര്യബോധനവീകരണത്തെ ത്വരിതപ്പെടുത്തി.

മോഹഭംഗങ്ങളാൽ അന്തർമുഖമായിത്തീർന്ന കേരളീയസ്വത്വത്തിന്റെ പശ്ചാത്തലത്തിലാണ് ഉറൂബിന്റെ നോവലുകൾ കടന്നുവരുന്നത്. വ്യക്തികളുടെ സ്വകാര്യവും സാമൂഹികവുമായ വൈകാരികപ്രശ്നങ്ങളെ കേന്ദ്രീകരിച്ച് മനുഷ്യാവസ്ഥയെ ആവിഷ്ക്കരിക്കുന്ന ഒരു പുതിയ ഭാവുകത്വം ഈ കൃതികളിൽ കാണാം. സമൂഹഘടനയിൽ വ്യക്തിയുടെ സ്ഥാനം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളായി ഉറൂബിന്റെ നോവലുകളെ വായിക്കാൻ കഴിയും. മാനവികമൂല്യങ്ങളുടെ കുറെക്കൂടി നവീകരിക്കപ്പെട്ട ഒരു പരിപ്രേക്ഷ്യമാണിത്.

**പഠനലക്ഷ്യവും പ്രസക്തിയും**

മലയാളനോവൽസാഹിത്യചരിത്രത്തിൽ സവിശേഷമായ ഒരു പരിണാമഘട്ടത്തെയാണ് ഉറൂബിന്റെ നോവലുകൾ പ്രതിനിധാനം ചെയ്യുന്നത്. സാമൂഹികപ്രശ്നങ്ങളിൽനിന്ന് വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘർഷത്തിലേക്ക് നോവൽ വഴിമാറുന്നത് ഉറൂബിന്റെ കൃതികളിലൂടെയാണ്. മനുഷ്യനിലെ സ്വത്വബോധം ഉണരുന്നതോടെ മനുഷ്യനും വ്യവസ്ഥിതിയും തമ്മിലുള്ള സംഘർഷവും ഉടലെടുക്കുകയായി. ഈ സംഘർഷമാകട്ടെ, മനുഷ്യന്റെ അടിസ്ഥാനചോദനയായ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. വ്യക്തിയും വ്യവസ്ഥിതിയും തമ്മിലുള്ള ഈ സംഘർഷം, സ്വാതന്ത്ര്യത്തിന്റെ ഭിന്നാർത്ഥങ്ങളെ തെളിയിയ്ക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ഈ ഭിന്നതലങ്ങളിലൂടെ ഉറൂബ് എങ്ങനെയാണ് ഒരു സമഗ്രജീവിതദർശനം ആവിഷ്ക്കരിക്കുന്നത് എന്ന അന്വേഷണമാണ് ഈ പഠനത്തിന്റെ ലക്ഷ്യം. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഒരു സമഗ്രദർശനത്തിന് ഊർജ്ജം പകരുന്ന മറ്റു ഘടകങ്ങൾ എന്തൊക്കെയാണെന്ന അന്വേഷണവും ഈ പഠനം ഉൾക്കൊള്ളുന്നു.

കേരളത്തിന്റെ സാമൂഹികഘടനയിൽ സംഭവിച്ച പരിണാമങ്ങൾ, മൂല്യസങ്കല്പങ്ങളിൽ വന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. മലയാളനോവൽസാഹിത്യം, മാനവികമൂല്യങ്ങളിൽ സംഭവിക്കുന്ന ഈ പരിണാമത്തിന്റെ വ്യക്തമായ പ്രതിഫലനം നല്കുന്നുണ്ട്. ഭാരതത്തിന്റെ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ സവിശേഷമായ സാമൂഹ്യസാഹചര്യങ്ങളിൽ രൂപംകൊണ്ട സ്വാതന്ത്ര്യസങ്കല്പനങ്ങൾ ഗൗരവപൂർണമായ പഠനം അർഹിക്കുന്നതാണ്. സ്വാതന്ത്ര്യം എന്ന മൂലകത്തെ മുൻനിർത്തി ഉറൂ

ബിന്റെ മനുഷ്യജീവിതാഖ്യാനങ്ങളെക്കുറിച്ച് പഠിക്കാനുള്ള ആദ്യത്തെ ശ്രമമാണിത്. ഈ പഠനത്തിന്റെ പ്രസക്തിയും ഇതുതന്നെയാണ്.

**പഠനപരിമിതി**

മർത്ത്യജീവിതത്തിന്റെ നിഗൂഢവും സങ്കീർണവും വിചിത്രവുമായ രൂപഭാവങ്ങളെ ആവിഷ്ക്കരിക്കുന്ന ഉറൂബിന്റെ രചനാലോകം ഏറെ വിപുലമാണ്. ഉറൂബ് ആവിഷ്ക്കരിച്ചിട്ടുള്ള മനുഷ്യജീവിതവ്യവഹാരങ്ങളുടെ അടിസ്ഥാനപ്രേരണയായി വർത്തിക്കുന്ന സ്വാതന്ത്ര്യത്തെ മുൻനിർത്തിയുള്ള അന്വേഷണങ്ങളാണ് ഈ പഠനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പഠനസൗകര്യത്തിനായി, ഉറൂബ് രചിച്ച നോവലുകളെയാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

**പൂർവ്വപഠനങ്ങൾ**

ഉറൂബിന്റെ സാഹിത്യസംഭാവനകൾ സാകല്യേന വിലയിരുത്താനുള്ള ഒരു പരിശ്രമം കെ. എം. തരകനാണ് നടത്തിയിട്ടുള്ളത്. 'അനശ്വരനായ ഉറൂബ്' (1986) എന്ന പേരിൽ പുറത്തിറങ്ങിയ ഈ ഗ്രന്ഥം, കേവലാസ്വാദനത്തിലൂന്നിയ ഒരു അന്വേഷണമാണ്. ഉറൂബിനെക്കുറിച്ചുള്ള സ്മരണകളും ചില പഠനങ്ങളും സമാഹരിച്ച് ജോർജ്ജ് ഇരുമ്പയം പുറത്തിറക്കിയ 'ഉറൂബ്: വ്യക്തിയും സാഹിത്യകാരനും' (1983) എന്ന ഗ്രന്ഥമാണ് പൂർവ്വപഠനങ്ങളിൽ ഉൾപ്പെടുത്താവുന്ന മറ്റൊന്ന്. പി.എസ്. ജ്യോതിലക്ഷ്മി രചിച്ച 'ഉറൂബിന്റെ സ്ത്രീത്വദർശനം' (2008) എന്ന കൃതി, ഉറൂബിന്റെ സ്ത്രീ ആവിഷ്ക്കാരങ്ങളെ മുൻനിർത്തിയുള്ള പഠനമാണ്.

ഉറൂബ് വിട്ടുപിരിഞ്ഞ് കാൽനൂറ്റാണ്ടു പിന്നിടുന്ന വേളയിൽ ഗ്രന്ഥാലോകം മാസിക (2004സെപ്തംബർ) ഉറൂബിനെക്കുറിച്ചുള്ള ഓർമകളും ലേഖനങ്ങളും സമാഹരിയ്ക്കുകയുണ്ടായി. ഒറ്റയൊറ്റയായി നില്ക്കുന്ന ഈ ലേഖനങ്ങൾ ഒരു പഠനത്തിന്റെ സമഗ്രത അവകാശപ്പെടാനാവാത്തവയാണ്.

ഉറൂബിന്റെ രചനകളെ ആസ്പദമാക്കി ചില ഗവേഷണപഠനങ്ങൾ നടന്നിട്ടുണ്ട്. 'ഉറൂബിന്റെ നോവലുകളിലെ രചനാതന്ത്രങ്ങൾ' (എം. ജി. അജയഘോഷ്, മധുര കാമരാജ് സർവ്വകലാശാല, 1992), 'ഉറൂബിന്റെ ദർശനം' (ആർ. രാധാകൃഷ്ണൻനായർ, കേരളസർവ്വകലാശാല, 1982), 'ഉറൂബിന്റെ ലോകം-സ്ത്രീ വാദസമീപനം' (പദ്മിനി. പി. കോഴിക്കോട് സർവ്വകലാശാല, 2003) എന്നീ പ്രബന്ധങ്ങൾ പരാമർശയോഗ്യങ്ങളാണ്.

മനുഷ്യജീവിതത്തിന്റെ അടിസ്ഥാനഭാവമായി സ്വാതന്ത്ര്യാവബോധത്തെ കണ്ട എഴുത്തുകാരനാണ് ഉറൂബ്. മനുഷ്യബന്ധങ്ങളിലെ സൗന്ദര്യത്തെ നിർണയിക്കുന്ന ഘടകമായി സ്വാതന്ത്ര്യത്തെ ഉറൂബ് നിരീക്ഷിക്കുന്നുണ്ടെങ്കിലും ആ രീതിയിൽ ഉറൂബിന്റെ രചനകൾ ഇനിയും പഠിക്കപ്പെട്ടിട്ടില്ല എന്നത് പൂർവ്വപഠനങ്ങളുടെ എടുത്തുപറയത്തക്ക പരിമിതിയാണ്.

പഠനരീതി

ഉറൂബിന്റെ നോവലുകളുടെ ക്രിയാലോകത്തെ നിയന്ത്രിക്കുന്ന ആന്തരികപ്രേരണ സ്വാതന്ത്ര്യം എന്ന ആദർശമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർധത്തിലുമായി കേരളീയ സാമൂഹ്യമണ്ഡലത്തിൽ രൂപം കൊണ്ട മാനവിക ആശയങ്ങളുടെ ഭൂമികയിലാണ് ഉറൂബ് തന്റെ സ്വാതന്ത്ര്യദർശനം രൂപപ്പെടുത്തുന്നത്. സ്വാതന്ത്ര്യം എന്ന ആശയം ഉറൂബിന്റെ രചനാലോകത്തിൽ ഒരു ദർശനത്തിന്റെ സമഗ്രത കൈവരിക്കുന്നതെങ്ങനെ എന്ന് അന്വേഷിക്കാനാണ് ഈ പഠനത്തിലൂടെ ശ്രമിക്കുന്നത്. നോവലുകളിലെ കഥാപാത്രങ്ങൾ, സ്വാതന്ത്ര്യത്തിന്റെ ഭിന്നതലങ്ങളെ സ്പർശിക്കുന്ന ആന്തരികവും ബാഹ്യവുമായ സംഘർഷങ്ങളിലൂടെ കടന്നുപോവുന്നതിനെക്കുറിച്ചുള്ള ഒരു അന്വേഷണം പഠനത്തിൽ ഉൾക്കൊള്ളുന്നു. സ്വാതന്ത്ര്യദർശനത്തിന്റെ വ്യക്തി-സമൂഹപരിപ്രേക്ഷ്യങ്ങൾ, സ്ത്രൈണവീക്ഷണം എന്നിവയെക്കുറിച്ചുള്ള പഠനവും ഇവിടെ നിർവ്വഹിക്കപ്പെടുന്നു.

പ്രബന്ധസ്വരൂപം

ഉറൂബിന്റെ നോവലുകളെ പഠനവിധേയമാക്കി അദ്ദേഹത്തിന്റെ സ്വാതന്ത്ര്യദർശനത്തെക്കുറിച്ച് അന്വേഷിക്കുന്ന ഈ പ്രബന്ധം ആറ് അധ്യായങ്ങളായി വിഭജിക്കുന്നു.

1. സ്വാതന്ത്ര്യം-അർത്ഥവും വ്യാപ്തിയും

സ്വാതന്ത്ര്യം എന്ന പരികല്പന വിശദീകരിക്കപ്പെടുന്ന ഈ അധ്യായത്തിൽ സ്വാതന്ത്ര്യത്തിന്റെ സാമൂഹികം, രാഷ്ട്രീയം, ദാർശനികം, മാനവികം, കാല്പനികം തുടങ്ങിയ മാനങ്ങൾ ചർച്ച ചെയ്യുന്നു.

2. മലയാളനോവൽസാഹിത്യവും സ്വാതന്ത്ര്യബോധത്തിന്റെ പരിണാമങ്ങളും

മലയാളനോവൽസാഹിത്യത്തിന്റെ ചരിത്രം സ്വാതന്ത്ര്യബോധത്തിന്റെ നവീകരണത്തിന്റെ ചരിത്രം കൂടിയാണ്. കേരളത്തിലുണ്ടായ സാമൂഹികവും രാഷ്ട്രീയവു

മായ മാറ്റങ്ങൾ സ്വാതന്ത്ര്യസങ്കല്പങ്ങളിൽ സൃഷ്ടിച്ച നവീകരണം, ഉറൂബിന്റെ കാലഘട്ടം വരെയുള്ള മലയാളനോവൽസാഹിത്യം രേഖപ്പെടുത്തുന്നതെങ്ങനെ എന്ന് ഈ അധ്യായത്തിൽ അന്വേഷിക്കപ്പെടുന്നു.

3. ഉറൂബിന്റെ കഥാപാത്രലോകവും സ്വാതന്ത്ര്യത്തിന്റെ ഭിന്നമുഖങ്ങളും

ഉറൂബിന്റെ നോവലുകളിലെ കഥാപാത്രങ്ങൾ, സ്വാതന്ത്ര്യത്തെ മുൻനിർത്തിയുള്ള തീവ്രസംഘർഷങ്ങളിലൂടെ കടന്നുപോവുന്നവരാണ്. ഈ കഥാപാത്രങ്ങളിലൂടെ ഉറൂബ് ആവിഷ്ക്കരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഭിന്നതലങ്ങളെക്കുറിച്ചാണ് ഈ അധ്യായത്തിൽ പഠിക്കുന്നത്.

4. പ്രണയവും സ്വാതന്ത്ര്യവും

വ്യക്തിയും വ്യവസ്ഥിതിയും തമ്മിലുള്ള മൂല്യസംഘർഷങ്ങളുടെ ഭാഗമായാണ് ഉറൂബിന്റെ നോവലുകളിൽ പ്രണയം ആവിഷ്ക്കരിക്കപ്പെടുന്നത്. വ്യക്തിയുടെ സ്വാതന്ത്ര്യേച്ഛയാണ് പ്രണയത്തെ ചലനാത്മകമാക്കുന്നത്. പ്രണയവും സ്വാതന്ത്ര്യവും തമ്മിലുള്ള പാരസ്പര്യമാണ് ഈ അധ്യായത്തിലൂടെ അന്വേഷിക്കുന്നത്.

5. ഉറൂബിന്റെ സ്വാതന്ത്ര്യദർശനം

ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തെ സമഗ്രമാക്കുന്ന വിവിധ പരിപ്രേക്ഷ്യങ്ങളാണ് ഈ അധ്യായത്തിൽ അന്വേഷിക്കപ്പെടുന്നത്.

6. നിഗമനങ്ങളും ഉപദർശനങ്ങളും

പഠനത്തിലൂടെ എത്തിച്ചേർന്ന നിഗമനങ്ങളും ഉപദർശനങ്ങളും ഈ അധ്യായത്തിൽ ക്രോഡീകരിക്കപ്പെടുന്നു.

പഠനത്തിനു സഹായകമായ ഗ്രന്ഥങ്ങളുടെ സൂചിക ഒടുവിലായി നൽകിയിട്ടുണ്ട്.